**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1690** **19-01-2021 - ൽ മറുപടിയ്ക്ക്**

**പുത്തൻകുരിശ് പഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ | | **Shri A. C. Moideen**<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| (എ) | വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിലെ നൂറ്റിയിരുപത്തിനാല് കുടുംബങ്ങളെ ലൈഫ് മിഷനിൽ ഉൾപ്പെടുത്തി പി.എം.ആർ.വൈ. അർബൻ, ഗ്രാമീൺ പദ്ധതികൾ പ്രകാരമുള്ള തുക ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ടോ; | (എ) | വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് ലൈഫ് മിഷനിൽ ഉൾപ്പെടുത്തി പി.എം.ആർ.വൈ, അർബൻ, ഗ്രാമീൺ പദ്ധതികൾ പ്രകാരമുള്ള തുക നൽകിയിട്ടില്ല |
| (ബി) | പ്രസ്തുത പദ്ധതി പ്രദേശത്തെ വീടുകൾ പൊളിച്ചുമാറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കുടുംബങ്ങൾക്ക് ഗുണഭോക്തൃ വിഹിതം അനുവദിക്കുന്നതിനുമുമ്പ് ഭവനങ്ങൾ പൊളിച്ച നടപടിയിൽ ഉദ്യോഗസ്ഥതലത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ; പ്രസ്തുത കുടുംബങ്ങൾക്ക് താമസസൗകര്യം ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | പ്രസ്തുത പദ്ധതി പ്രദേശത്തെ വീടുകൾ പൊളിച്ചുമാറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗുണഭോക്താക്കൾക്കായി 3.14 ഏക്കർ സ്ഥലം പ്ളോട്ട് തിരിച്ചു വീതിച്ചു കൊടുക്കുന്നതിനും ഭൂവികസന പ്രവർത്തനങ്ങൾ നടത്തേണ്ടതിനുമാണ് വാസയോഗ്യമല്ലാത്ത വീടുകൾ പൊളിച്ചു മാറ്റിയിട്ടുള്ളത്. കുടുംബങ്ങൾക്ക് ഗുണഭോക്തൃ വിഹിതം അനുവദിക്കുന്നതിന് മുമ്പ് ഭവനങ്ങൾ പൊളിച്ച നടപടിയിൽ ഉദ്യോഗസ്ഥ തലത്തിൽ വീഴ്ച സംഭവിച്ചിട്ടില്ല. ലൈഫ് മിഷൻ പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് താൽക്കാലിക താമസ സൗകര്യം ഒരുക്കുന്നത് നിഷ്കർഷിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ